// അടിയന്തിരം //

നമ്പർ.സി5/52221/2014/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം., തീയതി.23/08/2014.
ഇ-മെയിൽ വിലാസം - csectiondpi@gmail.com

## സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - 35-ാമത് ദേശീയ ഗെയിംസ് - ജീവനക്കാരുടെ സേവനം ആവശ്യപ്പെടുന്നത് - അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്

സൂചന : 1. ദേശീയ ഗെയിംസ് ചീഫ് കമ്മീഷണറുടെ കത്ത് നമ്പർ. 4124/ജിഎ.1/2013/ എൻ.ജി.എസ്. തീയതി. 07/08/2014
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് തീയതി. 20/08/2014

***2015 ജനുവരി 31 മുതൽ ഫെബ്രുവരി 14 വരെ കേരളത്തിൽ വച്ചു നടക്കുന്ന 35-ാമത് ദേശീയ ഗെയിംസിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നാഷണൽ ഗെയിംസ് സെക്രട്ടറിയേറ്റിൽ (തിരുവനന്തപുരം) വർക്കിംഗ് അറേഞ്ച്മെന്റിൽ*** സേവനമനുഷ്ഠിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിൽ തിരുവനന്തപുരം ജില്ലയിലെ വിവിധ ഓഫീസുകളിൽ (ഡി.പി.ഐ. ഹെഡ് ക്വാർട്ടേഴ്സ് ഒഴികെ) ജോലി നോക്കി വരുന്ന സന്നദ്ധരായ സീനിയർ ക്ലാർക്കുമാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. തിരുവനന്തപുരം നഗരപരിധിക്കുള്ളിൽ സ്ഥിരതാമസമുള്ളവർക്ക് മുൻഗണന. താൽപര്യമുള്ള അപേക്ഷകർ വെള്ളക്കടലാസിൽ തയ്യാറാക്കിയ ബയോഡാറ്റ (ശമ്പള സ്കെയിൽ, ശമ്പളം, ഓഫീസ് വിലാസം, വീട്ടുപേര്/വിലാസം സഹിതം) ***30/08/2014-ന് 5 മണിയ്ക്ക് മുൻപായി പൊതുവിദ്യാഭ്യാസ ഡയറക്ടർ, ജഗതി, തിരുവനന്തപുരം - 14*** എന്ന വിലാസത്തിൽ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ***0471-2580514*** എന്ന ഫോൺ നമ്പരിൽ ഓഫീസ് പ്രവൃത്തി സമയത്ത് ബന്ധപ്പെടുക.

**മനോഹരൻ കടുവങ്ങൽ**
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

പകർപ്പ് : തിരുവനന്തപുരം റവന്യൂ ജില്ലയിലെ വിദ്യാഭ്യാസ വകുപ്പിലെ എല്ലാ സബ് ഓഫീസുകൾക്കും